**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **13-01-2021 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്ത സഹകാരികളിൽ മരണപ്പെട്ടവരും നിത്യ രോഗികളായവരും റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയിട്ട് ആശ്വാസം ലഭിക്കാത്തതിന്റെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽ നിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിന്മേലുള്ളത് തീരുമാനമെടുക്കുന്നതിനായി കുടിശ്ശികയുണ്ട്. വർദ്ധിച്ച് വരുന്ന അപേക്ഷകളുടെ ബാഹുല്യം കാരണവും, അതാതു സംഘം/ ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാലും അപേക്ഷകളിൽ ഉണ്ടാകുന്ന ന്യൂനതകൾ പരി ഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്നതിന് താമസം വരികയും ചെയ്യുന്നതു മൂലവും, 7 ജില്ലകൾ കൈകാര്യം ചെയ്തു വരുന്ന തൃശ്ശൂർ റീജിയണൽ ആഫീസിന്റെ കീഴിൽ വരുന്ന ചില ജില്ലകളിൽ നിന്നും ലഭ്യമായ ഫയലുകളിൽ ആറ് മാസം വരെയുള്ള ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽപ്പുള്ളതു മൂലവും കാലതാമസം വരുന്നുണ്ട്. ബോർഡിന്റെ മൂന്ന് ആഫീസികളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ആയതിന് ഒരു പ്രധാന ഘടകമാണ്. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാല താമസം കൂടാതെ വായ്പക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി എല്ലാ മാസവും ബോർഡ് പദ്ധതി നടത്തിപ്പ് വിലയിരുത്തുകയും ആവശ്യ മായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അപേക്ഷകന് ഓൺലൈൻ ആയി അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പി ക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പി ലാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി.ഡിറ്റുമായി പ്രാരംഭ കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറക്കും, ബോർഡിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറക്കും അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണ്. അതാതു സംഘം ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് നിലവിൽ ചെയ്ത് വരുന്നത്. അപേക്ഷകൾ കൃത്യതയോടെ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംഘങ്ങൾക്ക് ഇപ്പോൾ നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്; വ്യക്തമാക്കാമോ? | (സി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും റിസ്ക്ഫണ്ട് ധനസഹായത്തിനായി ബോർഡിലേയ്ക്ക് ആകെ ലഭ്യമായിട്ടുള്ള 51 അപേക്ഷകളിൽ 33 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. 18 അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് അതത് ബാങ്ക്/സംഘങ്ങളിൽ നിന്നും ബോർഡിലേയ്ക്ക് തിരികെ ലഭിക്കാനും ഉണ്ട്. |

സെക്ഷൻ ഓഫീസർ